**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3833** **27-10-2021 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസ്സുകൾക്ക് സമയബന്ധിതമായി തീർപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ അന്വേഷണത്തിലിരിക്കുന്ന നിരവധി പോക്സോ കേസ്സുകൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് കോടതി ഉത്തരവ് ഉണ്ടെങ്കിലും മതിയായ സാങ്കേതിക വിദഗ്ദ്ധരില്ലാത്തതിനാൽ പ്രസ്തുത കേസുകൾക്ക് സമയബന്ധിതമായി ലാബ് റിപ്പോർട്ട് ഉണ്ടാക്കാൻ കഴിയുന്നില്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (എ) | ഉണ്ട്; സമയ ബന്ധിതമായി ലാബ് റിപ്പോർട്ട് തയ്യാറാക്കുവാനും ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള വിവിധ ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ, മലപ്പുറം ജില്ലയിലെ തിരൂർ, എറണാകുളം എന്നിവിടങ്ങളിൽ പുതുതായി ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിക്കുകയും അവയുടെ പ്രവർത്തന പരിധി നിശ്ചയിച്ചു നൽകിയിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ശാസ്ത്രീയ പരിശോധന നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ